**Sixth Saturday of the Great Lent**

**Lazarus Saturday**

(St.John 11.14-46)



Photo Courtesy :https://www.goarch.org/lazarus-learn

വലിയ നോമ്പിലെ നാല്പത്തിയൊന്നാം ദിവസം പരി.സഭ ലാസറിന്റെ ശനിയാഴ്ചയായി ആചരിക്കുന്നു.ആരാധന കലണ്ടറിലെ ഒരു പ്രധാന ദിവസമാണ് ലാസറിന്റെ ശനിയാഴ്ച, മരിച്ചവരിൽ നിന്നുള്ള ലാസറിന്റെ പുനരുത്ഥാനത്തെ അടയാളപ്പെടുത്തുന്ന ദിവസം. യേശുവിനു പ്രിയപ്പെട്ട ഒരു ഭവനമായിരുന്നു ബെഥാന്യയിലെ ലാസറിന്റെ ഭവനം. ലാസർ യേശുവിന്റെ സുഹൃത്തും മാർത്തയുടെയും മറിയയുടെയും സഹോദരനുമായിരുന്നു. ലാസർ രോഗബാധിതനായപ്പോൾ, അവന്റെ സഹോദരിമാർ യേശുവിന്റെ അടുത്തേക്ക് ആളയച്ചു, പക്ഷേ ലാസർ മരിക്കുന്നതുവരെ അവൻ എത്തിയില്ല.

ലാസറിന്റെ മരണത്തിനും കബറടക്കത്തിനും ശേഷം യേശു അവിടെയെത്തിയപ്പോൾ, മാർത്തയുടെയും മറിയയുടെയും ചുറ്റുമുള്ള എല്ലാവരുടെയും ദുഃഖവും സങ്കടവും യേശുവിനു അഭിമുഖീകരിക്കേണ്ടി വന്നു . യോഹന്നാൻ 11:35 പറയുന്നു, "യേശു കണ്ണുനീർ വാർത്തു ", ലാസറിന്റെ വേർപാടിൽ ദുഃഖിക്കുന്നവരോടുള്ള അവന്റെ അഗാധമായ അനുകമ്പയെ സൂചിപ്പിക്കുന്നതാണു ഈ വാക്യം.അതേപോലെ യേശുവിന്റെ ദൈവീകവും മാനുഷീകവുമായ സ്വഭാവത്തെയും കാണിക്കുന്നു. ദുഃഖം അനുഭവിക്കേണ്ട ഒന്നാണെന്നും ദുഃഖം ജീവിതത്തിന്റെ ഭാഗമാണന്നും യേശു കണ്ണുനീർ വാർക്കുന്നതിലൂടെ വ്യക്തമാക്കുന്നു.

"കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കില്ലായിരുന്നു" എന്ന് പറഞ്ഞുകൊണ്ട് മാർത്ത യേശുവിലുള്ള വിശ്വാസം പ്രകടിപ്പിച്ചു. യേശു മറുപടി പറഞ്ഞു, "നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും." അവസാന ദിവസത്തെ പുനരുത്ഥാനത്തെക്കുറിച്ചാണ് യേശു

പരാമർശിക്കുന്നതെന്ന് മാർത്ത തെറ്റിദ്ധരിക്കുകയും അങ്ങനെ തന്നെ കരുതുകയും ചെയ്തു."ഞാൻ തന്നെ  പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ ഒരിക്കലും മരിക്കുകയില്ല" എന്ന് പറഞ്ഞുകൊണ്ട് യേശു തന്റെ പ്രസ്താവനയെ വ്യക്തമാക്കി. ലാസറിന്റെ ശാരീരിക പുനരുത്ഥാനത്തെ മാത്രമല്ല, യേശുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും ലഭ്യമാകുന്ന  ആത്മീയ പുനരുത്ഥാനത്തെയും കൂടിയാണ്  യേശു പരാമർശിച്ചതു.

വി.യോഹ.11:11- യേശു പറയുന്നു " നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു;എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു".യായിറോസിന്റെ മകൾ മരിച്ചിട്ടും അവൾ ഉറങ്ങുകയാണ് എന്നാണ് യേശു പറഞ്ഞത്, 'തബീഥാ കൂമി' (ബാലെ എഴുന്നേൽക്കാ) എന്നു വിളിച്ചുകൊണ്ടു ഒരു ഉറക്കത്തിൽ നിന്നെന്നപോലെ ആ ബാലികയെ ഉയർപ്പിക്കുന്നതു വേദപുസ്തകത്തിൽ നാം വായിച്ചിട്ടുള്ളതാണ്.മരണത്തിനു യേശു നൽകുന്ന നാനാർത്ഥമായി ഉറക്കത്തെ കാണാം, അല്ലെങ്കിൽ മരണം എന്നത് ജഡപ്രകാരമുള്ള ഒരു നിദ്രയാണ് അതാണ് മുകളിൽ പാരാമർശിച്ച രണ്ടു ഉയർപ്പുകളിൽ നിന്നും വെളിവാകുന്നത്.മ്ശിഹാ ഉയർത്തെഴുന്നേൽപ്പിക്കുന്ന ദൈവമാകയാൽ അദ്ദേഹത്തിൽ വിശ്വസിക്കുന്നവർ ലൗകീക മരണത്തെ ഭയപ്പെടേണ്ടതില്ല, അവർക്കു ലൗകീക മരണം താത്കാലികമായ ഒരു അവസ്ഥ മാത്രമാണെന്നും തികച്ചും നൈമീഷികമായ ഒരു അവസ്ഥാന്തരത്തിലൂടെ നിത്യമായ ഒന്നിലേക്ക് മാറ്റപ്പെടാന്നുള്ള ഒരു മാർഗ്ഗമാണ്  മരണം എന്നു യേശുവിന്റെ അത്ഭുതപ്രവൃത്തികളും ജീവിതവും നമ്മെ പഠിപ്പിക്കുന്നു.അതുകൊണ്ടു തന്നെയാണ് സഭയുടെ വേദശാസ്ത്രം ഈ ലോകപ്രകാരമുള്ള മരണത്തെ നിദ്രയെന്ന് വിശേഷിപ്പിക്കുന്നത്.

നിത്യജീവന്റെ ഉറവിടമെന്ന നിലയിൽ യേശുവിലുള്ള വിശ്വാസത്തിന്റെ പ്രാധാന്യം മുകളിൽ സൂചിപ്പിച്ച പ്രസ്താവന(ഞാൻ തന്നെ  പുനരുത്ഥാനവും ജീവനും...)  ഉയർത്തിക്കാട്ടുന്നു.

യേശുവിലുള്ള വിശ്വാസത്തിലൂടെ വിശ്വാസികൾക്ക് അവനോടൊപ്പമുള്ള നിത്യജീവന്റെ വാഗ്ദാനമുണ്ടെന്നതാണ് ക്രിസ്തീയ  വിശ്വാസത്തിന്റെ കേന്ദ്ര തത്വം.നോമ്പ് സഭാ   പാരമ്പര്യത്തിൽ ആഴത്തിൽ വേരൂന്നിയ ഒന്നാണ്,ഇത്  ബൈബിളിൽ നിരവധി തവണ പരാമർശിക്കപ്പെടുന്നുമുണ്ട് .

മത്തായി 4:2 ൽ വിവരിച്ചിരിക്കുന്നതുപോലെ, തന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതിന് മുമ്പ് യേശു തന്നെ 40 പകലും 40 രാത്രിയും ഉപവസിച്ചിരുന്നു. ദൈവവുമായുള്ള ബന്ധം ദൃഢമാക്കുന്നതിനും മനസ്സൊരുക്കി രൂപാന്തരം പ്രാപിക്കുന്നതിനുമായി തയ്യാറെടുക്കുന്നതിനുമുള്ള ഒരു മാർഗമായാണ് നോമ്പും ഉപവാസവും  കാണുന്നത്.

യേശുവിന്റെ ഉപവാസത്തിന്റെ ഓർമ്മയ്ക്കായി വിശ്വാസികൾ ഒന്നടങ്കം  40 ദിവസം ഉപവസിക്കുന്നു.40 ദിവസത്തെ നോമ്പ്/ഉപവാസത്തിന്റെ  സമാപനവും,

ക്രിസ്തുവിന്റെ  കഷ്ടാനുഭവാഴ്ചയുടെ  തുടക്കവും അടയാളപ്പെടുത്തുന്ന ദിവസമാണ് ലാസറിന്റെ  ശനിയാഴ്ച. ഈ  ദിവസം നസ്രാണികൾ (  നസ്രായന്റെ അനുയായികൾ-ആദ്യകാല ക്രിസ്ത്യാനികൾ നസ്രാണികൾ എന്നായിരുന്നു അറിയപ്പെട്ടിരുന്നത് പിന്നീട് വന്ന സിറിയൻ അധിനിവേശത്തിനു ശേഷമാണ് സുറിയാനി ക്രിസ്ത്യാനികൾ എന്നറിയപ്പെടാൻ തുടങ്ങിയതു.),

യേശുവിന്റെ ഉപവാസത്തിന്റെ  സ്മരണയ്ക്കായി വലിയ നോമ്പിന്റെ 41-ാം നാളിൽ  തയ്യാറാക്കുന്ന ഒരു മധുരപലഹാരമാണ്  കൊഴുക്കട്ട.അമ്പതു നോമ്പിന്റെ ആദ്യ നാല്പതു ദിവസങ്ങളിൽ കർത്താവു നോമ്പ് നോറ്റതിന്റെയും ,പിന്നീടുള്ള പത്തു ദിവസങ്ങൾ കർത്താവിന്റെ കഷ്ടാനുഭവത്തെയും ഓർത്തു ക്രിസ്ത്യാനികൾ നോമ്പ് നോൽക്കുന്നു. കർത്താവു നാല്പതു ദിവസം നോമ്പ് നോറ്റു വീടിയതുപോലെ നോമ്പ് അനുഷ്ഠിക്കുന്നവരും നോമ്പ് നോറ്റു വീടുന്നു എന്നാൽ തുടർന്നു വരുന്ന പത്തുദിവസങ്ങൾ കർത്താവിന്റെ കഷ്ടാനുഭവത്തിന്റെ സ്മരണയ്ക്കായി നോമ്പു അനുഷ്ഠിക്കുന്നതിനാൽ അതുവരെ അനുഷ്ടിച്ചു വന്ന നോമ്പിന്റെ പരിപാവനതയ്ക്ക് ഒട്ടും ഭംഗം വരാതെ നോമ്പ് വീടുന്നതിനാണ് കൊഴുക്കട്ട ഉണ്ടാക്കുന്നത്.

അവൻ ഉച്ചത്തിൽ വിളിച്ചു, "ലാസറെ  പുറത്തുവരിക" (വി. യോഹ. 11:43).സങ്കീർത്തനം 141:7 വാക്യത്തിൽ പറയുന്ന "കൊഴു ഭൂമിയെ പിളർക്കുന്ന" പോലുള്ള   യേശുവിന്റെ ഉറച്ച ശബ്ദത്തിൽ  ലാസർ ഗുഹക്കുള്ളിൻ നിന്നും പുറത്തു വരുന്നു. വി. യോഹ. 11:44-ൽ ലാസറിന്റെ കാലും, കയ്യും ശീലകൊണ്ടു കെട്ടിയും മുഖം റൂമാൽകൊണ്ടു മൂടിയും ഇരുന്നു.

ഇന്നേ ദിവസം ഈ വിശേഷ പലഹാരം ഉണ്ടാക്കുന്നതിനെ കുറിച്ചുള്ള എന്റെ  ചിന്ത  ഇപ്രകാരമാണ്.മരണത്തിന്റെ മൂടുപടം അഴിച്ചു ജീവനിലേക്കു  വന്ന ലാസറിന്റെ പ്രതീകമായി  വെളുത്ത നിറത്തിലും  ഉൾവശം മധുരത്താലും സുഗന്ധത്താലും നിറഞ്ഞ അരിമാവ്കൊണ്ടു ഉണ്ടാക്കുന്ന ഈ പലഹാരത്തെ കാണാം. അതുമല്ലെങ്കിൽ  വാതിൽ ഒരു പക്ഷെ കൊഴു ഭൂമിയെ പിളർക്കുന്ന പോലുള്ള   യേശുവിന്റെ ഉറച്ച ശബ്ദത്തിന്റെ പാതാളഗോപുര വാതിൽ തുറന്നു ലാസർ പുറത്തു വന്നതിന്റ  പ്രതീകവും  ആയിരിക്കാം . കൊഴു ഭൂമിയെ പിളർക്കുന്നതുപോലെ മരണത്തിന്റെ വാതിൽ യേശു തുറന്നതിന്റെ ഓർമ്മക്കായി ആയിരിക്കാം  40 ദിവസത്തെ  നോമ്പ് തുറക്കാൻ ഉപയോഗിക്കുന്ന ഈ പലഹാരത്തിനു"കൊഴുക്കട്ട" എന്ന് പേര് വന്നത്.

യെരുശലേമിലേക്കുള്ള യാത്രാമധ്യേ, പെസഹായ്ക്ക് 6 ദിവസം മുമ്പ്, ഇന്ന് നാം അനുസ്മരിക്കുന്ന ലാസറിന്റെ ഭവനത്തിൽ യേശു എത്തിച്ചേരുകയും . ആ സമയത്ത്, ലാസറിന്റെ സഹോദരിമാരായ  മാർത്തയും മറിയയും  യേശുവിന്  ഒരു വിരുന്ന് ഒരുക്കുകയും ചെയ്തിരുന്നു.ആ വിരുന്നിന്റെ അനുസ്മരണമായും ഇന്നത്തെ ദിവസത്തിന്റെ ആഘോഷത്തെ നമുക്ക് ദർശിക്കാവുന്നതാണ്.

മരണത്തെ വിജയിച്ച യേശുവിന്റെ രക്ഷാകരമായ കഷ്ടാനുഭത്തിൽ പങ്കുചേർന്നു, യേശുവിന്റെ പഠിപ്പിക്കലുകൾ പ്രാവർത്തികമാക്കി  ഒരു ഉത്തമ മനുഷ്യനായി ജീവിക്കാൻ നമുക്കേവർക്കും ഇടയാകട്ടെ .

©
copyright
all rights reserved
A. Varghese Paravelil
നാല്പതാം വെള്ളി .31.03.2023